പതിനാലാം കേരള നിയമസഭ

16-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 261

07.11.2019-ൽ മറുപടിക്ക്

## കൃഷിയ്ക്കും താമസത്തിനുമായി നൽകിയ പട്ടയ ഭൂമിയിൽ ഖനനം

| ചോദ്യം | ഉത്തരം |
| --- | --- |
| ഡോ.എം. കെ. മുനീർ<br>ശ്രീ.കെ.എൻ.എ ഖാദർ<br>ശ്രീ. എം.ഉമ്മർ<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് | **ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കൃഷിയ്ക്കും താമസത്തിനുമായി (എ) നൽകിയ പട്ടയ ഭൂമിയിൽ ഖനനം അനുവദിയ്ക്കുന്നതുമായി ബന്ധപ്പെട്ട് & എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ (ബി) ബന്ധപ്പെട്ട നിയമത്തിൽ ഭേദഗതികൾ വരുത്തിയിട്ടുണ്ടോ യെന്ന് വിശദമാക്കുമോ;<br><br>(ബി) ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടികൾ പരിഗണനയിലുണ്ടോ; | 1964-ലെ കേരള ഭൂ പതിവ് ചട്ടങ്ങൾ പ്രകാരം വീട് വയ്ക്കുന്നതിനും കൃഷിക്കും ബെനിഫിഷ്യൽ എൻജോയ്മെന്റിനും വേണ്ടി പതിച്ചു നൽകിയതും കൃഷിക്ക് ഉപയുക്ത മല്ലാത്തതുമായ ഭൂമിയിൽ നിബന്ധന കൾക്ക് വിധേയമായി ക്വാറിയിംഗ് പ്രവർത്തനത്തിന് അനുമതി നൽകുന്നതി ലേക്കായി ടി ചട്ടങ്ങളിലെ ചട്ടം (4)-ൽ ഭേദഗതി വരുത്തുന്നതിന് 05.03.2019-ലെ മന്ത്രിസഭാ യോഗത്തിൽ തീരുമാനി ച്ചിരുന്നു. ഇതനുസരിച്ച് അഡീഷണൽ അഡ്വക്കേറ്റ് ജനറൽ ലഭ്യമാക്കിയ നിയമോപദേശത്തിന്റെ കൂടെ വെളിച്ച ത്തിൽ 1964-ലെ കേരള ഭൂ പതിവ് ചട്ടങ്ങളിലെ ചട്ടം (4) ഭേദഗതി ചെയ്യുന്നതി നുള്ള പ്രൊപ്പോസൽ 01.08.2019-ലെ മന്ത്രിസഭായോഗത്തിന്റെ പരിഗണന യ്ക്കായി സമർപ്പിച്ചപ്പോൾ ഇക്കാര്യം ഒരിക്കൽ കൂടി വിശദമായി പരിശോധിച്ച ശേഷം പുതുക്കിയ കുറിപ്പുകൾ വീണ്ടും മന്ത്രിസഭായോഗം മുമ്പാകെ കൊണ്ടു വരാൻ നിർദ്ദേശിച്ചു. ഈ വിഷയത്തിൽ അഡ്വക്കേറ്റ് ജനറൽ, ലാന്റ് റവന്യൂ കമ്മീഷണർ എന്നിവരുടെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. ബന്ധപ്പെട്ട നിയമത്തിൽ ഭേദഗതി വരുത്തി ഉത്തരവ്/ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. |

| | |
|---|---|
| (സി) പരിസ്ഥിതിയെ തകർക്കുന്ന തരത്തിൽ പട്ടയ ഭൂമിയിൽ ഖനനം അനുവദിയ്ക്കുന്ന ഈ നിയമ ഭേദഗതി സംബന്ധിച്ച് സർക്കാരിന്റെ നിലപാടെന്താണെന്ന് വ്യക്തമാക്കാമോ? | (സി) സംസ്ഥാനത്ത് പാറ ഉൾപ്പെടെയുള്ള നിർമ്മാണ വസ്തുക്കളുടെ ദൗർലഭ്യം രൂക്ഷമായി അനുഭവപ്പെട്ടു വരുന്നുവെന്നും അതു കൊണ്ട് തന്നെ നിർമ്മാണ വസ്തുക്കളുടെ വില വർദ്ധിക്കുന്നതായും നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടു വരുന്നതായും നിയമസഭയിലടക്കം പരാതികൾ ഉയർന്നു വരുന്നുണ്ട്. ടി സാഹചര്യത്തിൽ പരിസ്ഥിതിക്ക് കോട്ടം വരാതെ പൂർണ്ണമായും പരിസ്ഥിതി സംരക്ഷണവും അനുബന്ധ കാര്യങ്ങളും ഉറപ്പാക്കി കൊണ്ട് ഇക്കാര്യത്തിൽ എന്ത് ചെയ്യാൻ കഴിയുമെന്ന് സർക്കാർ പരിശോധിച്ചു വരികയാണ്. |

**സെക്ഷൻ ഓഫീസർ**